**QP CODE: 19101149**

19101149

**Reg No** : ....................

**Name** : ....................

## B A DEGREE (CBCS)EXAMINATION, DECEMBER 2018

**First Semester**

(For Model II B A Programmes)

**Common Course II - ML1CCT07 - MALAYALAM-KADHA NOVEL**

2017 Admission (Reappearance)

717B9CE9

**Maximum Marks: 80** **Time: 3 Hours**

## പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. "എന്നാലും സുഖശീതളമായ ആ വൃക്ഷച്ഛായയിലൂടെ നടക്കുന്നത് തന്നെ ഒരു വിശ്രമമാണ്."സന്ദർഭമേത്?
2. ലില്ലിപ്പൂവ് കാണുമ്പോൾ ചെമ്പരത്തിപ്പൂവിനെ ഓർക്കുന്നതുപോലെ വൈരുധ്യഭാവമുണ്ടാ ചലനത്തിനിടയിൽ -വിവക്ഷ എന്ത്?
3. തനിക്ക് അധികാരപ്പെട്ട ഒരു സ്ഥലത്തെത്തുന്നതുപോലെ, കൈവരിയുടെ തെക്കേയറ്റത്തുള്ള കോണിൽ കയറി അയാൾ ഇരുന്നു, എന്തുകൊണ്ട്?
4. സേതുവിൻറെ കഥകളുടെ സവിശേഷത എന്ത്?
5. കാണെ കാണെ അകലുന്ന വെളിച്ചം- അതിന്റെ  പിന്നാലെ ഓടി. ഓർത്തിരിക്കാതെ ഈ ചതുപ്പിൽ താഴും .സൂക്ക്ഷിക്കണം -സന്ദർഭം  എഴുതുക
6. ദുസ്സഹമായ കോപത്തോടെ നിസ്സഹമായ വെറുപ്പോടെ സരള ജനല്പാളികൾ ചേർത്തടച്ചു. സന്ദർഭമേത് ?
7. " കളിക്കുന്നത് നന്നായിരിക്കും ഒഴിവുസമയത് നിനക്ക് ഉപകരിക്കും"
   ഇതിലടങ്ങിയിക്കുന്ന വ്യംഗ്യം എന്ത് ?
8. "എന്തുവേണം എന്ന് ഒരു നിശ്ചയവും ഇല്ലാതെയാണ് ഞാൻ കൊച്ചിയിൽനിന്നും ഫ്ലൈറ്റിൽ കയറിയത്"
   യുദ്ധാന്തരവംശങ്ങൾ എന്ന കഥയിലെ ആശയക്കുഴപ്പത്തിന് സാഹചര്യമെന്തായിരുന്നു ?
9. "മൃഷ്ടാനം ഭുജിച്ച് വയറുവീർത്തവന് ഒരുഞാലിപൂവന്പഴംപോലും അധികം കഴിക്കാനാകില്ലല്ലോ" .ഈ ആലോചനയുടെ പൊരുളെന്ത്?
10. ആൺകുട്ടികളുടെ കൂട്ടു നിർത്തിക്കോ ഇനിയെങ്കിലും, വയസുപന്ത്രാണ്ടായില്ലേ? സന്ദർഭം എഴുതുക.
11. "സാറാമ്മക്കും അത് നന്നേ ബോധിച്ചു. അവൾ വാത്സല്യത്തോടെ തങ്കകുട്ടന്റെ പേര് നീട്ടി വിളിച്ചു".എന്ത്?
    കമിതാക്കളുടെ ഭാവിസ്വപ്നങ്ങളുടെ നേർചിത്രങ്ങൾ ബഷീർ എപ്രകാരം അനാവരണം ചെയ്യുന്നു ?
12. "അപ്പോൾ വെളിയിൽ ഒരു ശബ്ദം .....മൃദുലവും സംഗീതമയവും "ഉറങ്ങിപ്പോയോ?-- ശബ്ദം ആരുടേത് ?
    സന്ദർഭമേത് ?

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. ""നിങ്ങളുടെ മരണം മൂലമുണ്ടായ ഒഴിവിലേക്ക് ഞാൻ എന്നെ തന്നെ നിയമിച്ചോട്ടെ"" ,നിയമനം അർഥിക്കുന്നതാർ ? എന്തുകൊണ്ട്?

14. ഉണിച്ചിരെ  അവിടന്ന് മാറ്റി നിർത്താൻ മെനക്കെടണ്ട. അത്  ചെയ്യും. സന്ദർഭം വിശദീകരിക്കുക ?

15. കാണെ കാണെ അയാളുടെ കണ്ണുകളിലേക്കു ഇരുട്ടുകയറിവരുന്നു .ബാക്കിയാകുന്ന കാഴ്ചയിൽ അയാൾ അയ്യാൾക്കുതന്നെ നഷ്ടമാകുന്നു-വിശദീകരിക്കുക

16. സരളയുടെയും കുപ്പമ്മയുടെയും സ്വഭാവങ്ങൾ താരതമ്യപെടുത്തുക.

17. പുരുഷാധിപത്യസ്വരം നഷ്ടങ്ങളുടെ ആഴങ്ങളിലേക്ക് കൊണ്ടെത്തിക്കുന്ന അവസാനമാണ് "മക്കൾ" എന്ന കഥയിൽ-നിരൂപിക്കുക

18. കെ.പി രാമനുണ്ണിയുടെ "എം.ടി.പി" എന്ന കഥയുടെ പശ്ചാത്തലം ചർച്ചചെയ്യുക.

19. നാല്പത്തിയഞ്ചാം വയസിൽ അരങ്ങേറുന്ന പ്രണയലീലകളുടെ രസാതമകമായ നേർക്കാഴ്ചകൾ നൽകുന്നതിൽ കഥാകൃത്തു  എത്രത്തോളം വിജയിച്ചിട്ടുണ്ട്, പരിശോധിക്കുക?

20. നിർദോഷമായ ഫലിതരസം കൊണ്ട് ശ്രേദ്ധേയമാണ് ബഷീറിന്റെ  ആഖ്യാനം വിലയിരുത്തുക ?

21. "സംശയരഹിതമായും! ഞാൻ സുന്ദരമായി പരലോകം പൂകിയാലും എന്നെ സാറാമ്മ മധുരസുന്ദരമായി ത്തന്നെ  സ്നേഹിക്കണം" ഇങ്ങനെ പറയാനുണ്ടായ സാഹചര്യമെന്ത് ?

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.

22. ഓരോ കടയിലും അയാൾ കയറിയിറങ്ങി പൗഡറും സോപ്പും റൂഷും ലിപ്സ്റ്റിക്കും വാങ്ങി. അവർക്കുവേണ്ടി വാദിച്ചു .-കാക്കനാടന്റെ കഥാദർശനം ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക

23. നാടകീയ മുഹൂർത്തങ്ങൾ നിറഞ്ഞതാണ് ഖാദറിന്റെ  കഥകളുടെ ഇതിവൃത്തങ്ങൾ ചാത്തുകുട്ടിയുടെ അമ്മയെന്ന കഥയെ മുൻനിർത്തി പരിശോധിക്കുക?

24. അമർത്തിവെച്ച സ്നേഹം തീരാദു:ഖത്തിലെത്തിനിൽക്കുന്ന " മക്കൾ"എന്ന കഥക്ക് ഒരാസ്വാദനം തയ്യാറാക്കുക.

25. ബാഹ്യപ്രേരണകളും സംഭവ ബാഹുല്യവും കൊണ്ട് സംഭാഷണങ്ങളെ പൂർവ കഥാപ്രസംഗങ്ങളോ, വിശദീകരണങ്ങളോ ആക്കാതിരിക്കാൻ  പ്രേമലേഖനത്തിൽ ബഷീർ ശ്രദ്ധിച്ചിട്ടുണ്ട് .ഇത് ശരിയോ ? സ്വന്തം അഭിപ്രായം രേഖപ്പെടുത്തുക .

(2×15=30)